# LITTLE DEWS



DIGITAL MAGAZINE

PREPARED BY LITTLE KITE

C K G M H S S UNIT

LK/2018/16071

C K G M H S S CHINGAPURAM

LITTLE DEWS

പ്രകൃതി മാതാവ്

പൂന്തോട്ടം

വരില്ലേ

## Friendship

പൂക്കൾ

സിംഹവും മുയലും

ബാല്ല്യം

ഓർമ്മയിൽ ഇന്നും

സ്നേഹം നിറഞ്ഞ അമ്മ

ജീവിതം

വിദ്യാലയം

പ്രതീക്ഷയുടെ ഇരു കണ്ണുകൾ

## Flood

പുഴ

വരില്ലേ

**LITTLE DEWS**

**നവകേരളം**

**വിവേകശാലിയായ ആട്**

**തണൽ**

**അമ്മ**

C K G M H S S CHINGAPURAM

# പ്രകൃതിമാതാവ്

പ്രകൃതിമാതാവിൻറെ വിദൂരമാം,
പ്രകൃതി ശോഭകൾ നിറയും ഭൂമി...
വിടരുന്ന പൂവിൻ ഗന്ധം മാധുര്യമായി
ഞാൻ നുകരുന്നു.

മരങ്ങൾ നിറഞ്ഞു നിൽക്കുമീ
ഭൂമിയാം നമ്മുടേത് പ്രകൃതിയാവുന്ന
ഭൂമിദേവി,സ്നേഹത്തിൻ ഭൂമീദേവി,
പ്രകൃതിയായ് മാറ്റിവെച്ച് വിദൂരമാം
ഭൂമി വിനീതയാം.

പൂച്ചെടികൾ ആത്മാവിൻറെ
സ്നേഹം കവരും പ്രകൃതി
മാതാവിൻ പൂക്കൾ
സ്നേഹത്തിൻ ഭൂമീദേവി...........

അളകസുരേന്ദ്രൻ
9-E

# പൂന്തോട്ടം



എനിക്കുമുണ്ടൊരു പൂന്തോട്ടം
പൂക്കൾ ഉള്ളൊരു പൂന്തോട്ടം
ജമന്തിയുണ്ട് മന്ദാരമുണ്ട് പനിനീർ
ചെടിയുമുണ്ട്.........
പൂന്തോട്ടത്തിൽ കടക്കുമ്പോൾ
പൂമണം മലകെട്ടും
എനിക്കുമുണ്ടൊരു പൂന്തോട്ടം
പൂക്കൾ ഉള്ളൊരു പൂന്തോട്ടം
പൂമ്പാറ്റകൾ പാറിനടക്കും
പൂക്കളിൽ മുത്തംവെക്കും
എനിക്കുമുണ്ടൊരു പൂന്തോട്ടം
പൂക്കൾ ഉള്ളൊരു പൂന്തോട്ടം
...............................................

മുഹമ്മദ് ഫാജിസ് **9 B**

# വരില്ലേ.......

പച്ചിലചാർത്തും മരക്കൊമ്പിലന്ന്
പച്ചപ്പനന്തത്ത വന്നിരുന്നു
പാടിപ്പുകഴ്ത്തി ഗ്രാമത്തിൻ
വെളിച്ചവും ചൈതന്യവും
തപ്പിനടന്നൊരു നെൽക്കതിരിനായ്
പാടമാകെ ഞാൻ നോക്കിനിന്നു
അമ്മേ...അമ്മേ...എന്നുചൊല്ലി
കൂട്ടിൽ എൻപൈങ്കിളി കാത്തിരുന്നു
വിശന്നുവലഞ്ഞൊരമ്മക്കിളി അമ്മക്കിളി
കുഞ്ഞിനായ് നേടി ഒരു നെന്മണി
സന്ധ്യയായി നിൽക്കെ സൂര്യൻെറ
മൃത്യുവിൻ അമ്മക്കിളിയെങ്ങോ
പറന്നുപോയീ........

**-ഇന്ദുചന്ദ്രൻ .9 B**

# FRIENSHIP

Once upon a time there were a cat and cow. Cow was white in colour and had a brown eyes. She had her home near a neem tree. Cat was brown in colour living in Raju's home. Both of them are good friends. Raju's mother cared both of themvery well.

One day cow give some grass to cat, But cat can't eat the grass The cow was very sad and she think her gift is not liked the cat. Same day cat gave some meat to the cow but the cow can't eat it. Another day cat give grass to the cow. The cow ate the grass and the cat was happy. The cow gave some meat to the cat and cat ate the meat . The cow also happy.Now both of them are good friends.

Theme of the story is change in the friendship came to love

Avya .m
**IX-A**

# പൂക്കൾ



പൂക്കുന്ന പൂക്കൾ പൂക്കാതിരുന്നാൽ
പൂന്തോട്ടമുണ്ടോ......പൂമാലയുണ്ടോ-
പൂമ്പാറ്റയുണ്ടോ.......
പൂക്കുന്ന പൂക്കൾ പൂത്താലല്ലേ.....
നിറഭേതമുള്ളൂ സുഗന്ധമുള്ളൂ
വസന്തക്കാലം വരുകയുള്ളൂ......
ഓണക്കാലത്ത് പൂക്കളമിടാൻ
പൂക്കൾ വേണ്ടേ പത്തുതരം
വിഷുക്കാലമെത്തിയാൽ കണിക്കൊന്ന
ുക്കണ്ടേ കണിയിത് വെക്കണ്ടെ കണ്ണനൊപ്പം
പൂക്കൂ പൂക്കൂ പൂക്കുന്ന പൂക്കളെ
പൂക്കാതിരിക്കല്ലെ നിങ്ങളൊന്നും
പൂക്കാതിരുന്നാത് മോഹങ്ങളെങ്ങനെ -
സഫലമാകും.....സഫലമാകും.

ഫാത്തിമ സിയ

# സിംഹവും മുയലും

പണ്ട് പണ്ട് ഒരു കാട്ടിൽ ഒരു സിംഹവും മുയലും

താമസിച്ചിരുന്നു. ആ സിംഹത്തിന്റെ ശിഷ്യനായിരുന്നു മുയൽ. സിംഹം പറയുന്നതെല്ലാം മുയൽ അനുസരിക്കുമായിരുന്നു. ഒരു ദിവസം സിംഹവും മുയലും കാട്ടിലൂടെ പോവുകയായിരുന്നു.അപ്പോഴാണ് വേട്ടക്കാർ മൃഗങ്ങളെപ്പിടിക്കുന്നത് കണ്ടത്. അപ്പോൾ സിംഹം ഗർജിച്ചു. വേട്ടക്കാർ പേടിച്ച് വണ്ടിയെടുത്ത് പോയി. കുറേക്കാലം കഴിഞ്ഞപ്പോൾ വേട്ടക്കാരൻ തിരിച്ചുവന്നു.സിംഹത്തെപിടിക്കാൻ വേട്ടക്കാരൻ ഒരു കെണി ഒരുക്കി.ആ കെണിയിൽ സിംഹത്തിന്റെ ശിഷ്യനായ മുയൽ വീണു.മുയലിനെ വേട്ടക്കാർ കൂട്ടിലിട്ടു.സിംഹം മുയലിനെ കാണാതെ അന്വേഷിച്ച് ഇറങ്ങിയപ്പോൾ മുയലിനെ കൂട്ടിലിട്ടത് കണ്ടു. വേട്ടക്കാരനെ സിംഹം കടിച്ചുതിന്നു.സിംഹം മുയലിനെ രക്ഷപ്പെടുത്തി.പിന്നെ സിംഹവും മുയലും മറ്റുമൃഗങ്ങളും സന്തോഷത്തോടെ ജീവിച്ചു.

തേജസുരേഷ്

# ബാല്യം

ഏതോ ഒരു വീണതൻ

വിലാപം.

ശ്രുതിയിൽ ഒരുതംബുരു

തൻ വേണുഗീതം.

മഴയിൽ ഈ പുഴതൻ

സ്നേഹഗാനം.

സ്വരമായ് വിടർന്നു ഒരു

മലരിൻ  ജ്വലഗീതം ....

ഈ സ്നേഹം തുടിക്കുന്ന

ബാല്യ ഓർമ്മയായ്

ഈ വിദ്യതൻ ആലയ

ത്തിൽ ഞാനും

ഒരു ചെറുപുഴതൻ

സ്നേഹബാല്യം

ഗോപിക .കെ.എം

9 F

# ഓർമ്മയിൽ ഇന്നും

പൂവിന്റെ ഗന്ധവുമായി
എത്തുന്ന കാറ്റിനെ
കൈകളുയർത്തി പിടിച്ചകാലം
ഓർമ്മയിൽ എന്നും
നിറഞ്ഞൊരാക്കാലം
ഇന്നും ഓർക്കുന്നു ആ പോയകാലം
ഇന്നും എൻ ഓർമ്മയിൽ
നിറഞ്ഞു നിൽക്കുന്നൊരാ-
പൂവിൻ സുഗന്ധം
ഇന്നുമെൻ  മനസ്സിൽ
നിറഞ്ഞു നിൽക്കുന്നു.
എന്റെ മനസ്സിന്റെ
ഓർമ്മയിൽഎന്നും-
ഒളിഞ്ഞു കിടന്നൊരാ-
പോയക്കാലത്തെ
ഉണർത്തി ഞാൻ ഇന്നും
എൻ മനസ്സിലിപ്പോൾ.

# സ്നേഹം നിറഞ്ഞ അമ്മ

സ്നേഹമാണമ്മ
നൊന്തു പ്രസവിച്ചമ്മ
കുഞ്ഞിനെ സ്നേഹം കൊണ്ടു
നിറയ്ക്കുന്ന അമൃതമാണമ്മ
അമ്മ മാധുര്യം തുളുമ്പുന്ന
സ്നേഹം ഊറി വിടും
പാട്ടുകളിൽ ഭൂമി
ദേവിക് അനുഭൂതി
നിറയ്ക്കുന്ന സ്നേഹം
സ്നേഹത്തിൻ്റെ ആനന്ദം
പകർത്തുന്ന അമ്മ
അണയുന്ന സ്നേഹത്തിൻ
ആഴം ഉളവാക്കുമമ്മ

മാളവിക
9.E

# ജീവിതം

കാലം മാറുന്നപോലെ ജീവിതം
സ്നേഹിക്കാൻ പറ്റാത്ത ജീവിതം
ധന്യമാം ഒരു തൊട്ടാവാടിയെ
പോൽ തൻ ജീവിതാഭിലാഷങ്ങൾ
മക്കളെല്ലാവരും ഓർമ്മമാത്രം
വിധി തകർക്കാത്ത ജീവിതം
ജീവശവമായൊ ജീവിതകാലം
വാർദ്ധക്യത്തിന്റ്റെ ഒറ്റപ്പെടൽ
മേലേയാകാശവും തായേഭ്രമിയും
മാത്രം ഒരോർമ്മകാലമായ്
മാറുന്ന ജീവിതകാലം.

-കൃഷ്ണപ്രിയ
9 E

# വിദ്യാലയം

മണ്ണിലും വിണ്ണിലും സ്നേഹം
വിതറുന്ന താരകമാണെൻെറ -
വിദ്യാലയം

കള്ളവുമില്ലാ കളങ്കവുമില്ലാ
സ്നേഹം ചൊരിയുന്ന
വിദ്യാലയം
കൂട്ടുകാരൊത്ത് കളിച്ചൊരാ
നേരത്ത് ഒത്തിരി സ്വപ്ന
ങ്ങൾ നെയ്തകാലം .

വർഷാവസാനം തീരുന്ന നേര-
ത്ത് നൊമ്പരമാകുന്ന എൻ
ഓർമ്മകൾ.

ശ്രീദീപ് .എസ്

# 9-F

C K G M H S S CHINGAPURAM

# പ്രതീക്ഷയുടെ ഇരു കണ്ണുകൾ

പതിവു പോലെ കിഴക്കു നിന്നും പടിഞ്ഞാറോട്ട് സൂര്യൻ തൻെറ യാത്ര ആരംഭിച്ചു.സൂര്യനെ എല്ലാ ചങ്ങാതികളും നോക്കി പുഞ്ചിരിച്ചു.ഏറെ നേരം കഴിഞ്ഞ് സൂര്യൻെറ കട്ടുത്ത ചൂട് കാരണം എല്ലാ ചങ്ങാതിമാരും വാടിപ്പോഴി .അത് കണ്ട് സൂര്യൻ മഴദേവതയോട് സക്ടം പറഞ്ഞു. നിമിഷനേരം കൊണ്ട് നല്ല ഒരു മഴ പെഴ്തു എല്ലാവരും നട്ടല്ലയർത്തി സൂര്യനോട് നന്ദി പറഞ്ഞു ഏറെ ദിവസമായി രണ്ടു കണ്ണുകൾ തന്നെ എന്തെന്നില്ലാതെ നോക്കുന്നതായി സൂര്യന് അനുഭമപ്പെട്ടു. ഒട്ടുവിൽ സൂര്യൻ തനിക്ക് ചുവട്ടിലായി ഒരു സുന്ദരിയെ കണ്ടു. അവളുടെ മയിൽ പീലി കണ്ണുകൾ സൂര്യനു നേർക്കാണ്.ഒരു കൊച്ചു കുളത്തിന് വശത്തായി ചളിക്കുണ്ടിൽ അവൾ തനിച്ച് വിടർന്നിരിക്കുന്നു. സൂര്യൻ ആ സുന്ദരിയോട് ചോദിച്ചു. " എയ് സ്വപ്ന സുന്ദരി നീ എന്തിനാണ് എന്നെ വ്യത്യസ്തമായ ഭാവത്തിൽ നോക്കുന്നത്?..........നീ ആരാണ്."? സുന്ദരി വളരെ ലോലമായ ശബ്ദത്തിൽ പറഞ്ഞു. "ദേവാ.. ഞാനാണ് താമര. ഞാൻ ഏതു സമയവും അങ്ങെ മനസ്സിൽ ധ്യാനിച്ച് കൊണ്ടിരിക്കുന്നു". വളരെ സംശയത്തോടെ സുര്യൻ ചോതിച്ചു എന്തിന്? ഒട്ടും പരിഭ്രമിക്കാതെ താമര സുര്യനെ ജ്വലിക്കുന്ന മിഴികളിൽ നോക്കി പറഞ്ഞു. "സൂര്യദേവാ അങ്ങു ഉണർന്നാലെ ഞാനുണരൂ അങ്ങു ഉറങ്ങിയാലെ ഞാനുറങ്ങൂ. അങ്ങാണെനിക്ക് എല്ലാം". ഇതുകേട്ട സൂര്യൻ താമരയോടു പുഞ്ചിരിച്ച് യാത്ര തുടർന്നു. സുര്യൻ താമരയെ കുറിച്ച് ചിന്തിച്ചു. താമര ധ്യാനത്തോടെ സൂര്യനെ കാത്തിരുന്നു പെട്ടെന്ന് കുഞ്ഞു മൃദു വിരലുകൾ താമരയെ ചുറ്റി പിടിച്ച് വലിച്ചു അതു കുറച്ച് പൈതങ്ങളായിര്ന്നു അവർ താമരയെ പിഴിതെടുത്തു കൊണ്ടു പോഴി താമരയുടെ പ്രണയം നിറഞ്ഞ മൃതുലമായ കണ്ണുകൾ അടഞ്ഞു.

C K G M H S S CHINGAPURAM

LITTLE DEWS

````

SINDOORA .X E

C K G M H S S CHINGAPURAM
````

# FLOOD

When the sky goes dark and
the land goes wet
there comes a storm that takes
the light away
    when you think it never will rains
    again,there comes a flood
    theat put 's disaster
    in it paths
Oh, what the world has
become after the flood
the  stage humanity
all are equel and not
some what's equel
    the persons who be thought
    were a curse for our land
    has just become the
    savior of our land
then all of the mankind
hold their hands together
and unite for
one single aim
    then humanity will
    flowrish from the ashes
    that's left
    and it will a whole new world

GOPAKUMAR.

# പുഴ



ശോക ഗീതം പാടും പുഴതൻ
മാറിൽ നിന്നതിർന്ന മാലിന്യങ്ങൾ
ചുടുകണ്ണീരായി.....
കുപ്പിതൻ കൊതുകിൻ കൂടാര-
മാക്കി ഒഴുകുന്ന പുഴതൻ
മാറിലൂടെ...........
ഇനിയൊരു പുഴയും ജനിക്കില്ല
മരണത്തിലേക്കിതാ ഒഴുകുന്ന
തുടിക്കുന്ന ചുടുനീരായ്......
ശോകഗീതെ പാടും പുഴതൻ
മാറിൽ നിന്നതിർന്ന ചുടുകണ്ണീർ

# വരില്ലേ......

## ഇന്ദുചന്ദ്രൻ 9 B

പച്ചിലചാർത്തും മരക്കൊമ്പിലന്ന്
പച്ചപ്പനന്തത്ത വന്നിരുന്നു
പാടിപ്പുകഴ്ത്തി ഗ്രാമത്തിൻ
വെളിച്ചവും ചൈതന്യവും
തപ്പിനടന്നൊരു നെൽക്കതിരിനായ്
പാടമാകെ ഞാൻ നോക്കിനിന്നു
അമ്മേ...അമ്മേ...എന്നുചൊല്ലി
കൂട്ടിൽ എൻപൈങ്കിളി കാത്തിരുന്നു
വിശന്നുവലഞ്ഞൊരമ്മക്കിളി അമ്മക്കിളി
കുഞ്ഞിനായ് നേടി ഒരു നെന്മണി
സന്ധ്യയായി നിൽക്കെ സൂര്യന്റെ
മൃത്യുവിൻ അമ്മക്കിളിയെങ്ങോ
പറന്നുപോയീ.......

LITTLE DEWS

# നവകേരളം

ഉയരുന്ന മോഹങ്ങൾ ഉയരുന്ന സ്വപ്നങ്ങൾ
നവകേരളത്തിൻ പത്തു ജീവിതങ്ങൾ
ഇരുകൈകൾ കോർത്ത് വാനിൽ-
ഉല്ലസിച്ചീടുന്ന നവകേരളത്തിൻ പുതു ജീവിതം.
ദുഃഖങ്ങൾ അകറ്റി
കണ്ണുനീർ തുടച്ച് വരുന്ന നാം മുന്നേറാൻ
ശ്യാമസുന്ദരനാടിൻ പൊൻമുത്തുകൾ
വാനിൽ ഉണരുന്നു.
ഇരുട്ടിൻ വെളിച്ചം പകർന്നവർ
വേദനകളിൽ ഒത്തുചേർന്നവർ
പുഞ്ചിരി നൽകി കൈകോർത്തവർ
ഒരുവട്ടം കൂടി നാം മുന്നേറുന്നു
സ്നേഹത്തിൻ നവരത്നങ്ങളായ്
പുതുമനസ്സുകളിൽ കുടിയേറാൻ.

ARYA P K . 9 A

C K G M H S S CHINGAPURAM

# വിവേകശാലിയായ ആട്

ഈ കഥ നടക്കുന്നത് ഒരു പുഴയോരത്താണ്. ആ പുഴയോരത്ത് താമസിക്കുന്ന ഒരു ആട്ടിടയൻ ഉണ്ടായിരുന്നു.ഒരു ചെറിയ വീട്ടിൽ സന്തോഷത്തോടെ കഴിയുകയാണ്. ആട്ടിടയനും അവൻെറ ഭാര്യയും മകളും. അവർ ഓരോ ദിവസവും സന്തോഷത്തോടെ കഴിയുകയാണ്. അവർ ജീവിക്കുന്നത് ആട് മേയ്ക്കലിലൂടെയാണ്. അവരുടെ സന്തോഷവും ദുഃഖവും എല്ലാം ആടിലൂടെയായിരുന്നു.ആ ആട്ടിടയൻ എല്ലാ ദിവസവും പുലർച്ചെ ആടിനെ മേയ്ക്കാൻ പുഴയോരത്ത് പോകാറുണ്ടായിരുന്നു.അങ്ങനെ ഒരു ദിവസം ആട്ടിടയൻ ആടിനെ മേയ്ക്കാൻ പുഴയോരത്ത് പോകുമ്പോൾ തൻെറ ഒരാട് കൂട്ടം തെറ്റി ഒരു വലിയ കുഴിയിൽ പോയി വീണു. ആ ആട് രാവിലെ മുതൽ കരഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. അവിടെ എല്ലാവരും വട്ടം കൂടി ആട്ടിടയന് ആടിൻെറ കരച്ചിൽ കേട്ട് സങ്കടപ്പെട്ടിരുന്നു. വലിയ കുഴി ആയതുകൊണ്ട് ആടിനെ പുറമെ കൊണ്ടുവരാൻ വലിയ ചെലവ് വേണമായിരുന്നു.അപ്പോൾ എല്ലാവരും പറഞ്ഞു ആടിനെ ആ കുഴിയിൽ തന്നെ മണ്ണിട്ട് മൂടാമെന്ന്.ആടിൻെറ കരച്ചിൽ കേട്ട് ആട്ടിടയൻ അത് സമ്മതിച്ചു.അവർ ആ

കുഴിയിലേക്ക് മണ്ണിട്ടു തുടങ്ങി.ആ ആടിന് മനസ്സിലായി ഇവർ ആടിനെ ഈ കുഴിയിൽ ഇട്ടുമൂടുകയാണെന്ന്. അവർ ഓരോ പ്രാവശ്യവും കുഴിയിൽ മണ്ണിടുമ്പോൾ ആട് ആ മണ്ണ് മാറ്റിക്കൊണ്ടിരുന്നു.പിന്നീട് അവർ മണ്ണിടുമ്പോൾ ആ ആട് കൂടുതൽ പുറത്തുവരാനുള്ള ഉത്സാഹത്തിൽ കൂടുതൽ വേഗത്തിൽ മണ്ണ് നീക്കി മാറ്റി.അവസാനം ആ ആട് പുറത്തുവന്നു.

-മുഹമ്മദ് ഷാമിൽ ടി.കെ
9 E

# തണൽ

നിശബ്ദ കൊലയാളിയെന്ന വൈദ്യശാസ്ത്രം വിളിക്കുന്ന പ്രമേഹരോഗത്തിൻറെതലസ്ഥാനംനമ്മുടെ

രാജ്യമാണത്രെ...

പ്രഷർ എന്ന വിളിപ്പേരിലറിയപ്പെടുന്ന രക്താതിസമ്മർദ്ദ

രോഗികളുടെ എണ്ണവും നമ്മുടെ നാട്ടിത് പെരുകി

വരുന്നു...

നാലുപേരുടെ വിശേഷം പറച്ചിലിത് ഇവ രണ്ടും കടന്നുവരുമെന്നുറപ്പുണ്ട്

ഏവർക്കും...

# അമ്മ

അമൃതമാണമ്മ , സുകൃതമാണമ്മ
സർവ്വചരാചരങ്ങൾതൻ ജനനിയാം അമ്മ
സ്വപ്നമാണമ്മ, ആഗ്രഹസാഫല്യമാണമ്മ
തപ്തനിശ്വാസങ്ങൾ കുളിർക്കാറ്റാക്കുമമ്മ
അണയാത്ത സ്നേഹത്തിൻ ബിംബമാണമ്മ
അറിവിൻെറ നിറവിന്റെ പ്രതീകമാണമ്മ
സൗമ്യയാണമ്മ രൂപവതിയാണമ്മ
അമ്മതൻ വാത്സല്യമേറ്റം നകർന്നൊരുണ്ണിതൻ
ചിന്തയിതെത്ര ധന്യം

ശ്രീഹാര കല്യാൺ

LITTLE DEWS

C K G M H S S CHINGAPURAM